DMOH-ALP/892/2023-A6

B/CRU DMOHALP

2023

A6 08/5/23

Regd/AD.

Office of the Dist. Medical Officer of Health
08 MAY 2023
Alappuzha

"ഭരണ ഭാഷ മാതൃഭാഷ"

ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) ആലപ്പുഴ

കൊട്ടാരം ബിൽഡിംഗ്,ജനറൽ ആശുപത്രി പരിസരം, ആലപ്പുഴ - 688011

Ph: 0477-2251650, 0477-2252329 Email: dmohalppy@yahoo.co.in

DMOH-ALP/892/2023-A6 തീയതി.26-04-2023

കാരണം കാണിക്കൽ നോട്ടീസ്

ആലപ്പുഴ ആര്യാട് പി.എച്ച്.സെന്ററിലെ ക്ലാർക്കായിരുന്ന ശ്രീ.യദുകൃഷ്ണൻ ആനന്ദ് എന്ന താങ്കൾ 31.01.2023 മുതൽ ആർജ്ജിത അവധിയിൽ പ്രവേശിച്ചിരുന്നു. എന്നാൽ അവധിക്ക് ശേഷം 28.02.2023 ൽ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ നാളിതുവരെയായി ജോലിയിൽ ഹാജരാകാതെ അനധികൃത അവധിയിൽ തുടരുകയാണ്. പത്ത് ദിവസത്തിനകം ജോലിയിൽ ഹാജരാകുവാൻ ആവശ്യപ്പെട്ട് ഇവിടെ നിന്നും നോട്ടീസ് അയച്ചിരുന്നുവെങ്കിലും താങ്കളുടെ ഭാഗത്തുനിന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. അനധികൃതമായി ജോലിയിൽ ഹാജരാകാതിരിക്കുന്നത് ഗുരുതരമായ അച്ചടക്ക ലംഘനവും , കൃത്യവിലോപവുമാണ്. താങ്കളുടെ സേവനം ക്രമപ്പെടുത്തുകയോ , പ്രൊബേഷൻ പൂർത്തീകരിക്കുകയോ ചെയ്യിട്ടില്ലാത്തതാണ്. ആയതിനാൽ അനധികൃതമായി ജോലിയിൽ ഹാജരാകാത്ത കാരണത്താൽ 1958 ലെ കേരളാ സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ടി തീരുമാനത്തിനെതിരെ താങ്കൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.അത് സംബന്ധിച്ച പ്രതിവാദ പത്രികയോ, വിശദീകരണമോ മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഈ കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Dr. Jamuna Varghese
Date: 26-04-2023 12:26:09

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
ആലപ്പുഴ

സ്വീകർത്താവ് :- യദുകൃഷ്ണൻ ആനന്ദ്,
കരികാട്ടുവെളി,
ചേർത്തല സൗത്ത്.പി.ഒ.
ചേർത്തല, ആലപ്പുഴ.

പകർപ്പ് :-മെഡിക്കൽ ഓഫീസർ, പി.എച്ച്.സെന്റർ ആര്യാട്.